# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം 12.01.2026

## മകരവിളക്ക് മഹോത്സവം: സന്നിധാനത്ത് കനത്ത സുരക്ഷാക്രമീകരണങ്ങൾ

ശബരിമല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് കനത്ത സുരക്ഷാക്രമീകരണങ്ങളാണ് പോലീസ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും ഈ ക്രമീകരണങ്ങളും മാർഗനിർദേശങ്ങളും ഭക്തർ കൃത്യമായി പാലിക്കണമെന്നും സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ എസ്. സുജിത്ത് ദാസ് അറിയിച്ചു. രണ്ടായിരത്തോളം പോലീസ് ഉദ്യോഗസ്ഥരെയാണ് മകരവിളക്ക് ദിവസം ശബരിമലയിൽ വിന്യസിക്കുന്നത്. നിലവിൽ 11 ഡി.വൈ.എസ്.പിമാരുടെ കീഴിൽ 34 സി.ഐമാരും 1489 സിവിൽ പോലീസ് ഓഫീസർമാരും ഉൾപ്പെടെ 1534 സേനാംഗങ്ങൾ സന്നിധാനത്ത് സേവനം ചെയ്യുന്നുണ്ട്. അധികമായുള്ള അഞ്ഞൂറോളം ഉദ്യോഗസ്ഥർ ഇന്ന് (ജനുവരി 13) എത്തിച്ചേരും. സുഗമമായ മകരജ്യോതി ദർശനത്തിനും തിരിച്ച് സുരക്ഷിതമായി മലയിറങ്ങുന്നതിനും പോലീസ് ഏർപ്പെടുത്തിയ മാർഗനിർദേശങ്ങൾ പാലിക്കാൻ ഭക്തർ ശ്രദ്ധിക്കണമെന്ന് സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം മകരവിളക്ക് ദിവസം വെർച്വൽ ക്യൂ വഴി 30,000 പേർക്കും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേർക്കുമായി സന്നിധാനത്തേക്ക് പ്രവേശനം നിയന്ത്രിച്ചിട്ടുണ്ട്. രാവിലെ 10 മുതൽ നിലയ്ക്കലിൽ നിന്നും പമ്പയിലേക്കും രാവിലെ 11 മുതൽ പമ്പയിൽ നിന്നും സന്നിധാനത്തേയ്ക്കും ഭക്തരെ കടത്തിവിടില്ല. തിരുവാഭരണ ഘോഷയാത്ര പരമ്പരാഗത പാതയിലൂടെ വൈകുന്നേരം അഞ്ചരയോടെ ശരംകുത്തിയിൽ എത്തിച്ചേരും. കർശ്ശന സുരക്ഷയാണ് തിരുവാഭരണ ഘോഷയാത്രയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. 6.20 ഓടെ ഘോഷയാത്ര സന്നിധാനത്ത് എത്തും തുടർന്ന് ദീപാരാധന

നടക്കും. ഭക്തർ തിരുവാഭരണപ്പെട്ടി തൊടാനോ ഘോഷയാത്ര കടന്നു പോകുന്ന പാതയിൽ തിക്കും തിരക്കും സൃഷ്ടിക്കാനോ ശ്രമിക്കരുതെന്നും സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

പാണ്ടിത്താവളം, ശരംകുത്തി, യൂടേൺ തുടങ്ങിയ ഇടങ്ങളിലെ വ്യൂ പോയിന്റുകളിൽ സുരക്ഷിതമായി നിന്ന് മകരജ്യോതി ദർശിക്കണം. വനമേഖലയോട് ചേർന്നുള്ള പല വ്യൂപോയിന്റുകളിലും ഭക്തർ വിരിവയ്ക്കാറുണ്ട്. ഈ പ്രദേശങ്ങളിൽ യാതൊരു കാരണവശാലും പാചകം നടത്തരുത്. ഹിൽടോപ്പിൽ അപകടമുണ്ടാക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഗുരുസ്വാമിമാരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ ഭക്തർക്കുള്ള നിർദേശങ്ങൾ ഷെയർ ചെയ്തിട്ടുണ്ട്.

മകരജ്യോതി ദർശനത്തിന് ശേഷം പമ്പയിലേക്ക് തിരിച്ചു മടങ്ങാൻ തിരക്ക് കൂട്ടരുത്. സുരക്ഷിതമായി പമ്പയിൽ എത്തണം. മുഴുവൻ ഭക്തർക്കും മടങ്ങിപ്പോകുന്നതിനുള്ള കെ.എസ്.ആർ.ടി.സി ബസുകൾ പമ്പയിൽ നിന്നും ക്രമീകരിച്ചിട്ടുണ്ട്. ഭക്തർ കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ ക്യൂ പാലിച്ച് കയറണം.

മകരജ്യോതി ദർശിച്ച് തിരിച്ചിറങ്ങാൻ മൂന്ന് റൂട്ടുകൾ നിശ്ചയിച്ചിട്ടുണ്ട്. പാണ്ടിത്താവളത്ത് നിന്ന് ദർശൻ കോംപ്ലക്സിന് പിൻഭാഗത്തിലൂടെ, നടപ്പന്തലിന് പിൻഭാഗം വഴി കൊപ്രാക്കളം, ട്രാക്റ്റർ റോഡിലൂടെ, കെ.എസ്.ഇ.ബി ജംഗ്ഷനിലെത്തുന്നതാണ് ഒരു പ്രധാന റൂട്ട്. പാണ്ടിത്താവളം ജംഗ്ഷനിൽ നിന്ന് മാളികപ്പുറം ഭാഗത്തുള്ള ഇറക്കം വഴി, പോലീസ് ബാരക്ക്, ബെയ്‌ലി പാലം വഴി ചന്ദ്രാനന്ദൻ റോഡിലെത്തുന്നതാണ് രണ്ടാമത്തെ പാത. നടപ്പന്തലിന്റെ മധ്യഭാഗം വഴി കെ. എസ്. ഇ.ബി ജംഗ്ഷനിലെത്തുന്നതാണ് മൂന്നാമത്തേത്. ഈ റൂട്ടുകളിലൂടെ ഭക്തരെ സെഗ്മന്റുകൾ തിരിച്ച് അപകടം കൂടാതെ സുരക്ഷിതരായി പമ്പയിലെത്തിക്കുകയാണ് പോലീസിന്റെ ലക്ഷ്യം.

മകരവിളക്ക് ദിവസം സോപാനത്തിലും തിരുമുറ്റത്തും പരിസരത്തും തിരുവാഭരണ ഘോഷയാത്ര എത്തുമ്പോൾ അഭൂതപൂർവ്വമായ തിരക്ക് നിയന്ത്രിക്കാൻ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. തിരക്ക് ഒഴിവാക്കാൻ ഭക്തരെ വ്യൂപോയിന്റുകളിലേക്ക് മാറ്റും. അതിന് ശേഷമായിരിക്കും തിരുവാഭരണം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. തീർത്ഥാടകർ പോലീസിന്റെയും മറ്റ് വകുപ്പുകളുടെയും നിയന്ത്രണങ്ങളും മാർഗനിർദ്ദേശങ്ങളും കർശ്ശനമായി പാലിക്കണമെന്നും സ്പെഷ്യൽ ഓഫീസർ അറിയിച്ചു.

## ശബരിമല മകരവിളക്ക് മഹോത്സവം: അഗ്നിരക്ഷാ സേന സജ്ജം

ശബരിമല മകരവിളക്ക് മഹോത്സവത്തിനെത്തുന്ന തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഏത് അടിയന്തര സാഹചര്യം നേരിടുന്നതിനും സജ്ജമായി സന്നിധാനത്തെ അഗ്നിരക്ഷാ സേന യൂണിറ്റ്. ഫയർ ആൻഡ് റസ്ക്യു ശബരിമല സ്പെഷ്യൽ ഓഫീസർ അരുൺ ഭാസ്കറിന്റെ കീഴിൽ ഒരു സ്റ്റേഷൻ ഓഫീസർ, മൂന്ന് സ്റ്റേഷൻ ഓഫീസർമാർ, രണ്ട് മെക്കാനിക്കുകൾ, 10 ഡ്രൈവർമാർ, 10 സീനിയർ ഫയർ ആന്റ് റസ്ക്യു ഓഫീസർമാർ, 57 ഫയർമാൻമാർ എന്നിവരടങ്ങിയ സംഘമാണ് സന്നിധാനത്ത് ഡ്യൂട്ടിയിലുള്ളത്. കൂടാതെ സ്ട്രെച്ചർ സർവീസിനും മറ്റ് അടിയന്തര ഘട്ടങ്ങളിലും 50 അംഗ സിവിൽ ഡിഫൻസ് വോളണ്ടിയർമാരുടെ സേവനവും ഉണ്ട്. പമ്പയിൽ തീർത്ഥാടകരുടെ രക്ഷയ്ക്കായി പരിശീലനം ലഭിച്ച 10 അംഗ സ്കൂബ ഡൈവിങ് അംഗങ്ങളും ഉണ്ട്.

വണ്ടിപ്പെരിയാർ, പുല്ലുമേട്, പാഞ്ചാലിമേട്, സത്രം, പരുന്തുംപാറ, അയ്യൻമല, പഞ്ഞിപ്പാറ, ഇലവുങ്കൽ, അട്ടത്തോട്, അട്ടത്തോട് ഉന്നതി, ളാഹ, വടശ്ശേരിക്കര, നീലിമല തുടങ്ങിയ 13 വ്യൂപോയിന്റുകളിൽ പത്തിൽ കുറയാത്ത അഗ്നിരക്ഷാ സേനാംഗങ്ങളുടെ സംഘം ഡ്യൂട്ടിയിലുണ്ടാകും. മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ, ഫയർ ടെണ്ടറുകൾ, ആംബുലൻസ്, റെസ്ക്യു വെഹിക്കിൾ, ഫസ്റ്റ് റെസ്പോൺസ് വെഹിക്കിൾ മുതലായ സേനയുടെ 31 വാഹനങ്ങളും സേവനത്തിന് സജ്ജമായി വ്യൂ പോയിന്റുകളിലുണ്ടാകും.

സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ഹോട്ടലുകളിൽ ഫയർ ആന്റ് റസ്ക്യു സർവീസ് ഉദ്യോഗസ്ഥർ പരിശോധന നടത്തി. ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, എൽ.പി.ജി ഗോഡൗണുകൾ, വെടിക്കെട്ട്പുര, കൊപ്രാക്കളം, മാളികപ്പുറം പരിസരത്തെ ബഹുനില കെട്ടിടങ്ങൾ എന്നിവിടങ്ങളിലും പരിശോധന നടത്തി. കൂടാതെ പോലീസ്, വനംവകുപ്പ് എന്നീ വിഭാഗങ്ങളോടൊപ്പം വനത്തിനുള്ളിൽ ആരംഭിച്ച സംയുക്ത സ്ക്വാഡ് പരിശോധനയിലും അഗ്നിശമന സേനാംഗങ്ങൾ സജീവമാണ്. വനത്തിനുള്ളിൽ യാതൊരു കാരണവശാലും പർണ്ണശാലകൾ കെട്ടുന്നതിനോ പാചകം ചെയ്യുന്നതിനോ അനുവദിക്കില്ലെന്ന് അഗ്നിരക്ഷാ സേന അറിയിച്ചു.

പുല്ലുമേട് വഴിയുള്ള കാനന പാതയിൽ തീർത്ഥാടകർ എന്തെങ്കിലും അത്യാഹിതത്തിൽപ്പെട്ടതായി സന്ദേശം ലഭിച്ചാൽ രക്ഷാപ്രവർത്തനത്തിനായി സ്ട്രെച്ചർ സർവീസിന് സേനാംഗങ്ങളും സിവിൽ ഡിഫൻസ് വോളന്റിയർമാരുമുണ്ട്. ഉൾവനത്തിൽ നിന്ന് ഏറെ പണിപ്പെട്ടാണ് തീർത്ഥാടകരെ രക്ഷിച്ച് ചുമന്നു കൊണ്ടുവരുന്നത്. പമ്പ, നിലയ്ക്കൽ, പ്ലാപ്പള്ളി എന്നിവിടങ്ങളിലും അഗ്നിരക്ഷാ സേനയുടെ യൂണിറ്റുകൾ ഉണ്ട്.

## ശബരിമല മകരവിളക്ക്: തിരുവാഭരണഘോഷയാത്രയ്ക്കായി കാനനപാത സുരക്ഷിതമാക്കി വനം വകുപ്പ്

മകരവിളക്ക് മഹോത്സവം കൂടുതൽ സുരക്ഷിതമാക്കുന്നതിനായി വനം വകുപ്പ് വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയതായി അധികൃതർ അറിയിച്ചു.

തിരുവാഭരണം കൊണ്ടുവരുന്ന കാനനപാത കൂടുതൽ സുരക്ഷിതമാക്കുന്നതിനായി
പമ്പാനദിക്ക് കുറുകെ സഞ്ചരിക്കാൻ താൽക്കാലിക നടപ്പാത നിർമ്മിച്ചിട്ടുണ്ട്. അപകട സാധ്യത ഒഴിവാക്കുന്നതിനായി ബാരിക്കേഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വനം വകുപ്പ് അധികൃതർ അറിയിച്ചു. ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പമ്പ, പുല്ലുമേട്, സന്നിധാനം മേഖലകളിൽ നിലവിലുള്ള സ്ഥിരം ഉദ്യോഗസ്ഥർക്കു

പുറമേ 120 പേരെ അധികമായി വനം വകുപ്പ് വിന്യസിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശീയരായ നാട്ടുകാരുടെ സഹകരണത്തോടെ എക്കോ ഡെവലപ്മെന്റ് കമ്മിറ്റിയുടെ (ഇ.ഡി.സി) സേവനം സത്രം, പുല്ലുമേട്, പമ്പ, അഴുതകടവ്, സന്നിധാനം തുടങ്ങിയ സ്ഥലങ്ങളിൽ ലഭിക്കും. 136 സന്നദ്ധ പ്രവർത്തകരാണ് എക്കോ ഡെവലപ്മെന്റ് കമ്മിറ്റിയിലുള്ളത്. അടിയന്തര സാഹചര്യങ്ങൾ ഉണ്ടായാൽ പമ്പ ഹെഡ്ക്വാർട്ടേഴ്സിന്റെ കീഴിൽ സ്പെഷ്യൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സഹായത്തിനായി തീർത്ഥാടകർക്ക് 04735 203492 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണെന്നും വനം വകുപ്പ് അറിയിച്ചു.

അധികൃതർ അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്ന് മാത്രമേ ഭക്തർ മകരവിളക്ക് ദർശനം നടത്താവൂ. അനധികൃതമായി വനത്തിനകത്തേക്ക് പ്രവേശിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. മകരവിളക്ക് കാണുന്നതിനായി മരങ്ങളിൽ കയറുകയോ അപകടകരമായ രീതിയിൽ വനമേഖലകളിലേക്ക് കടക്കുകയോ ചെയ്യരുതെന്നും അധികൃതർ മുന്നറിയിപ്പ് നൽകി. വനത്തിനകത്ത് ഭക്ഷണം പാകം ചെയ്യുന്നത് കർശനമായി വിലക്കിയിട്ടുണ്ട്.